കേൾക്കേണ്ട ശബ്ദം:
രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകരെ മാനിക്കാതെ രാജ്യത്തിന് ഒരടി മുന്നോട്ട് പോകാനാകില്ല.
- സീതാറാം യെച്ചൂരി

സത്യം സമ്പുഷ്ടം സമ്പൂർണ്ണം
മക്തബ്
1193 കുംഭം 29 1439 ജ. ആഖിർ 25

കർഷക സമര ചരിത്രത്തിലെ പുതിയൊരു ഏട്

ഇന്ത്യയിലെ കർഷക സമര പോരാട്ടങ്ങളിലെ പുതിയൊരു അധ്യായമാണ് സി.പി.എമ്മിന്റെ കർഷക വിഭാഗമായ അഖിലേന്ത്യ കിസാൻസഭയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിൽ നടന്ന ഐതിഹാസികമായ മഹാരാഷ്ട്ര നിയമസഭ മാർച്ചും അതിന്റെ വിജയവും. അനുവാദമില്ലാതെ കർഷകരുടെ ഭൂമി പിടിച്ചെടുക്കുന്നതിൽ നിന്ന് പിൻമാറുക തുടങ്ങിയ പ്രസക്തമായ മുദ്രാവാക്യം ഉന്നയിച്ച് ഏഴ് ദിവസം കൊണ്ട് പതിനായിരക്കണക്കിന് കർഷകർ 180 കിലോ മീറ്റർ കാൽനടയായി യാത്ര ചെയ്തതാണ് മുംബൈയിൽ എത്തിയത്. നടന്ന് നടന്ന് പലരുടെയും കാലുകൾ പൊട്ടി. എന്നാൽ വയോജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർ പോരാട്ട ഭൂമിയിൽ നിന്ന് പിൻമാറാൻ തയ്യാറായില്ല. ആയിരക്കണക്കിന് ആദിവാസികളും ഈ മാർച്ചിൽ പങ്കാളികളായി. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലിം, സിഖ് സംഘടനകൾ സമരത്തിന് പിന്തുണയുമായി രംഗത്തുവന്നു. ശിവസേനയും മറ്റും സമര സഖാക്കൾക്ക് ഭക്ഷണവും കുടിവെള്ളവും വിതരണം ചെയ്യാൻ മുന്നോട്ടുവന്നു. കർഷകരും ആദിവാസികളും ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾ നടത്തിയ മാർച്ച്, അതിനെ പിന്തുണക്കാൻ മതന്യൂനപക്ഷ സംഘടനകളിൽപ്പെട്ടവർ രംഗത്ത് വന്നത്, ഇന്ത്യൻ രാഷ്ട്രീയത്തിൽ രൂപം കൊള്ളുന്ന വർഗ ഐക്യമുന്നണിയെ കുറിച്ചുള്ള ഏറ്റവും പ്രതീക്ഷ നൽകുന്ന കൂടിച്ചേരലാണ്. ഇത്തരം ബഹുജന സമരങ്ങളിലൂടെ തന്നെയാണ് ഇന്ത്യയുടെ തലവിധി മാറ്റിയെഴുതുക. അതുകൊണ്ട് ഈ സമരസഖാക്കൾക്ക് റെഡ് സല്യൂട്ട് അർപ്പിക്കാൻ ഇന്ത്യയിലെ പൊരുതുന്ന മുഴുവൻ ജനവിഭാഗങ്ങളും രംഗത്തിറങ്ങണം.

ഇന്ത്യയിൽ ഏറ്റവും അധികം കർഷക ആത്മഹത്യ നടന്ന പ്രദേശമാണ് മഹാരാഷ്ട്ര. പ്രത്യേകിച്ച് മഹാരാഷ്ട്രയിലെ വിദർഭ. 1991ഓടെ അവതരിപ്പിച്ച നവ ഉദാരവൽക്കരണ നയങ്ങളാണ് കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടത്. 1970ൽ തുടങ്ങി വച്ച ഹരിത വിപ്ലവത്തിന്റെ തുടർച്ചയായിരുന്നു കാർഷിക മേഖലയിലെ നവ ഉദാരവൽക്കരണ നയങ്ങൾ. വിദർഭ മേഖല ഇന്ത്യയിലെ പരുത്തി കൃഷിയുടെ കേന്ദ്രമായിരുന്നു. എന്നാൽ പുത്തൻ സാമ്പത്തിക നയങ്ങളുടെ തുടർച്ചയായി ബയോടെക്നോളജി ഇന്ത്യയിലെ കാർഷിക മേഖലയിലേക്ക് കടന്നുവരികയും ബി.ടി. പരുത്തികൾ വിദർഭ മേഖലയിലൊക്കെ തന്നെ വ്യാപകമാവുകയും ചെയ്തു. എന്നാൽ കൃഷിക്ക് ആവശ്യമായ ജലസേചന സംവിധാനങ്ങൾ സർക്കാർ കുറച്ചു കൊണ്ടുവന്നു. തുടർന്ന് കുഴൽക്കിണർ കുഴിക്കാൻ കർഷകരെ പ്രേരിപ്പിച്ചു. അതിനുവേണ്ടി ബാങ്കുകൾ വായ്പ നൽകാൻ മുന്നോട്ടുവന്നു. എന്നാൽ ബി.ടി. പരുത്തികൾ ആദ്യഘട്ടത്തിലെ വൻ വിളവിന് ശേഷം ഉൽപ്പാദനക്ഷമതയില്ലാത്തതായി മാറി. അത് നമ്മുടെ മണ്ണിനും കാലാവസ്ഥക്കും അനുയോജ്യമായിരുന്നില്ല. അതോടെ കർഷകർ കടക്കെണിയിൽ അകപ്പെടുകയും ആത്മഹത്യയിൽ അഭയം പ്രാപിക്കുകയും ചെയ്തു. സാമ്രാജ്യത്ത വികസന ഗൂഢാലോചന തിരിച്ചറിഞ്ഞ കർഷകർ ആത്മഹത്യയല്ല ചെറുത്തുനിൽപ്പാണ് പോംവഴിയെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നുവെന്നതാണ്. മഹാരാഷ്ട്രയിലെ പോരാട്ടത്തെ ഏറ്റവും അധികം പ്രസക്തമാക്കുന്നത്.

കേരളത്തിൽ നിന്ന് ഈ പോരാട്ടത്തിന്റെ വാർത്തകൾ വായിക്കുന്ന മലയാളികൾ ഒരുപക്ഷെ, അത്ഭുതം കൂറുന്നുണ്ടാകും. സി.പി.എമ്മിന് ഇങ്ങനെയും ഒരു സമരമുഖമോ! അങ്ങനെയും സംഭവിക്കാം. കാരണം മഹാരാഷ്ട്രയിൽ സി.പി.എം അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായിട്ടില്ല. അതുകൊണ്ടു തന്നെ നവ ഉദാരവൽക്കരണ രാഷ്ട്രീയത്തിന്റെ വിഷം തീണ്ടിയിട്ടില്ല ഇവിടങ്ങളിലെ സി.പി.എം. അതാണ് ഏറ്റവും അടിസ്ഥാനപരമായ വിഷയം. മഹാരാഷ്ട്രയിൽ കൃഷി ഭൂമിയുടെ സംരക്ഷണത്തിനുവേണ്ടി സി.പി.എം കർഷക സംഘടന " ലോങ്ങ് മാർച്ച്" സംഘടിപ്പിക്കുമ്പോഴായിരുന്നു കേരളത്തിൽ സി.പി.എമ്മിന്റെ ഒരു എം.എൽ.എയുടെ നേതൃത്വത്തിൽ ദേശീയപാത ബൈപ്പാസിനുവേണ്ടി കർഷകർ ഭൂമി വിട്ടു നൽകുന്ന സമ്മതപത്രം ശേഖരിച്ച് കലക്ടർ യശമാനന് നൽകിയത്! ഇതിൽ ആരാണ് കമ്മ്യൂണിസ്റ്റ്. കർഷകരെ സംബന്ധിച്ച് അടിസ്ഥാന സൗകര്യവികസനമെന്നത് കാർഷിക മേഖലയുടെ സംരക്ഷണമാണെന്ന് മഹാരാഷ്ട്രയിലെ അഖിലേന്ത്യ കിസാൻസഭ പ്രഖ്യാപിക്കുന്നു. കേരളത്തിൽ ദേശീയപാത വികസനത്തിനും എണ്ണ സംഭരണശാലക്കും കൃഷി ഭൂമികൾ പിടിച്ചെടുക്കുക എന്നതാണ് അടിസ്ഥാന സൗകര്യ വികസനം. ഇതാണ് അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായ സി.പി.എമ്മും അല്ലാത്ത സി.പി.എമ്മും തമ്മിലുള്ള വ്യത്യാസം. അതുകൊണ്ട് മഹാരാഷ്ട്രയിൽ മാർച്ചിൽ പങ്കെടുത്ത കിസാൻസഭ പ്രവർത്തകർക്ക് ശിവസേനയും മഹാരാഷ്ട്ര നിർമ്മാൺ സമിതിയും നൽകിയ ഭക്ഷണവും കുടിവെള്ളവും ഒന്നും നിഷിദ്ധമായിരുന്നില്ല. മണ്ണിന്റെ മക്കൾ വാദം ഉയർത്തി മലയാളികളെ മുംബൈയിൽ നിന്ന് അടിച്ചോടിക്കാൻ ശ്രമിച്ചതും ഇപ്പോഴും ഹിന്ദുത്വ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പാർട്ടിയാണ് ശിവസേനയെന്ന് ഓർക്കണം.

മഹാരാഷ്ട്രയിലെ കിസാൻസഭ പ്രവർത്തകർക്ക് അധികാര രാഷ്ട്രീയത്തിന്റെ ഭാരമില്ലാത്തതിനാൽ എവിടെ മലമൂത്ര വിസർജനം നടത്തുമെന്ന പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല. പ്രാഥമിക കൃത്യം നടത്താൻ സൗകര്യമില്ലെന്ന് പറഞ്ഞ് രണ്ടാം ദിനം സെക്രട്ടേറിയറ്റ് വളപ്പിൽ സമരം അവസാനിപ്പിച്ച കേരളത്തിലെ സി.പി.എമ്മിനെ അവർക്ക് മനസിലാക്കാൻ പ്രയാസകരമായിരിക്കും. കാരണം എട്ടു ദിവസം കൊണ്ട് പത്തിരുന്നൂറ് കിലോമീറ്റർ ദൂരം താണ്ടി മുംബൈയിൽ എത്തിയപ്പോൾ അവരുടെ പ്രശ്നം കൃഷി ഭൂമിയുടെ സംരക്ഷണമായിരുന്നു.

അതിനാൽ മഹാരാഷ്ട്രയിലെ കർഷക സമരം കേരളത്തിലെ സി.പി.എം നടന്ന് തീർക്കേണ്ടുന്ന ദൂരത്തെ കൂടി അടയാളപ്പെടുത്തുന്നുണ്ട്. അത് എന്താണെന്ന് കരിവെള്ളൂർകാരനായ കിസാൻസഭ നേതാവ് വിജു കൃഷ്ണനോടെങ്കിലും ചോദിച്ച് മനസിലാക്കാൻ കേരളത്തിലെ സഖാക്കൾക്ക് കഴിഞ്ഞിരുന്നെങ്കിൽ...

പി.എഫ് ആക്ഷൻ കമ്മിറ്റി ധർണ്ണ നടത്തി

കണ്ണൂർ: കേരള സോഷ്യലിസ്റ്റ് എംപ്ലോയീസ് പി.എഫ് ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനങ്ങൾ കേന്ദ്രം സംസ്ഥാന സർക്കാറിന് സമർപ്പിച്ച് നടത്തിയ കലക്ട്രേറ്റ് ധർണ്ണ സംസ്ഥാന ചെയർമാൻ കൊറ്റ്യാൽ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പള്ളിപ്രം പ്രസന്നൻ സ്വാഗതം പറഞ്ഞു. ചന്ദ്രൻ മുണ്ടക്കാൻ അധ്യക്ഷത വഹിച്ചു. കെ.പി.ശശിധരൻ, പുളിക്കണ്ടി കൃഷ്ണൻ, എ.കെ.ഭാസ്കരൻ നമ്പ്യാർ, കെ.കെ.കുഞ്ഞിക്കണ്ണൻ, പി.ജയപ്രകാശൻ സംസാരിച്ചു. കക്കാടി ലീല നന്ദി പറഞ്ഞു.

അറിയിപ്പ്

ആന്തൂർ: ആന്തൂർ നഗരസഭാ പരിധിക്കുള്ളിലെ വസ്തു നികുതി, തൊഴിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി മാർച്ച് മാസത്തെ അവധി ദിവസങ്ങളിൽ ഓഫീസ് തുറന്ന് പ്രവർത്തിക്കും. 31 വരെ വസ്തു നികുതി അടവാക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കും.

ഏകദിന നേതൃത്വ പഠനശിബിരം നടത്തി

കണ്ണൂർ: നാഷണൽ വിശ്വകർമ്മ ഫെഡറേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുള്ളൂൽ കന്നിക്കൊരുമകൻ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന പഠന ശിബിരം ദേശീയ പ്രസിഡണ്ട് രവി ചേർപ്പ് ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ സംസ്ഥാന പ്രസിഡണ്ട് ഡോ.വി.പി.രാഘവൻ, പുഷ്പൻ കെ.കാട്ടൂർ, സെക്രട്ടറി പി.പി.ശശിധരൻ, സജിതാ മിഥുൻ, യു.വി. രാമകൃഷ്ണൻ, പി.പി.രഘൂത്തമൻ സംസാരിച്ചു.

അനുശോചിച്ചു

തളിപ്പറമ്പ: വിശ്വകർമ്മ സർവീസ് സൊസൈറ്റി ആടിക്കുംപാറ ശാഖാ സെക്രട്ടറി സി.വി.ബാബുരാജിന്റെ നിര്യാണത്തിൽ പ്രസിഡണ്ട് കെ.പി.വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അനുശോചിച്ചു. വി.പി. സോമൻ, കരുണാകരൻ പടോളി, ബാലൻ (കോറോം), സി.വി.ശിവദാസൻ, പി.കെ.രാഘവൻ, രാജൻ പടോളി, സി.വി.ഹരിദാസൻ, പുരുഷോത്തമൻ, പി.പി.രമേഷ് കപ്പണ, സുമൻ കൊങ്ങിണി, സി.വി.മനോജ് സംസാരിച്ചു.

തളിപ്പറമ്പ: ആടിക്കുംപാറ പുതിയ ഭഗവതി സ്ഥാനത്തിന്റെ സെക്രട്ടറി സി.വി.ബാബുരാജിന്റെ അകാല നിര്യാണത്തിൽ പ്രസിഡണ്ട് കെ.പി.വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അനുശോചിച്ചു. പി.പി.പവിത്രൻ, പി.പി.പുരുഷോത്തമൻ, വയലിലെ വീട്ടിൽ പ്രഭാകരൻ, രമേഷ് കപ്പണ, സി.വി.മനോജ്, കൊങ്ങിണി സുമൻ, കൊങ്ങിണി പ്രഭാകരൻ, മുത്തു മാണിക്യം അനുശോചനം രേഖപ്പെടുത്തി.

ജേക്കബ് അഗസ്റ്റിന് അവാർഡ്

ആലക്കോട്: തലശേരി അതിരൂപതാ കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലന്റ് അവാർഡിന് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ജേക്കബ് അഗസ്റ്റിൻ അട്ടാറിമാക്കൽ അർഹനായി. അതിരൂപതയിലെ മികച്ച സ്കൂളിനുള്ള എക്സലന്റ് അവാർഡ് വായാട്ടുപറമ്പ് സെന്റ് ജോസഫ് യു.പി സ്കൂളിനും ലഭിച്ചു. വൈസ്മെൻസ് ക്ലബിന്റെ ജില്ലാ സെക്രട്ടറി കൂടിയാണ് ജേക്കബ് അഗസ്റ്റിൻ.

വിവാഹിതരായി

അസീഫ-സഫ്ദർ

പറശിനിക്കടവ്: സ്വാതന്ത്ര്യ സമര സേനാനിയും സി.പി.ഐ നേതാവുമായിരുന്ന പരേതനായ കെ.വി.മൂസാൻകുട്ടി മാസ്റ്ററുടെയും പി.കെ.ഖദീജ ഉമ്മയുടെയും ചെറുമകനും കോൾമൊട്ട വാർഡ് കൗൺസിലർ പി.കെ.മുഹമ്മദ്കുഞ്ഞിയുടെയും പി.കെ. നൂർജഹാന്റെയും മകനുമായ പി.കെ.സഫ്ദറും നെല്ലിപ്പറമ്പിലെ ഐ.വി.അസീസിന്റെയും സി.പി. സഫിയ ടീച്ചറുടെയും മകൾ സി.പി.അസീഫയും വിവാഹിതരായി. റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ, ടി.വി.രാജേഷ് എം.എൽ.എ, ആന്തൂർ നഗരസഭാധ്യക്ഷ പി.കെ.ശ്യാമള ടീച്ചർ, വൈസ് ചെയർമാൻ കെ.ഷാജു തുടങ്ങിയവർ സംബന്ധിച്ചു.

ചക്ക, പാഷൻ ഫ്രൂട്ട് വിഭവങ്ങളുമായി കരുവഞ്ചാലിൽ ആരംഭിച്ച ജാക്ക് ആന്റ് ചിൽ ഐസ്ക്രീം പാർലർ ഫാ. മാത്യു പാലമറ്റം ഉദ്ഘാടനം ചെയ്യുന്നു.

തൃച്ചംബരത്ത് ഇന്ന്

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഇന്ന് രാത്രി 9 മണി മുതൽ 10 വരെ ഭക്തസൂർദാസ് ഭജനമണ്ഡരി അവതരിപ്പിക്കുന്ന ഭക്തിഗാനസുധ. രാത്രി 10 മണി മുതൽ തളിപ്പറമ്പ് പെരിഞ്ചല്ലൂർ പെരുംതൃക്കോവിലപ്പൻ എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റി അവതരിപ്പിക്കുന്ന നൃത്ത സംഗീത വിരുന്ന്. രാത്രി 7.30 മുതൽ പൂക്കോത്ത്നടയിൽ സിനിമാ, ടി.വി താരങ്ങളായ ശിവദാസ് മട്ടന്നൂരും കലാഭവൻ രാഗേഷും അവതരിപ്പിക്കുന്ന മിമിക്സ് മെഗാ ഷോ. രാത്രി 1 മണിക്ക് തായമ്പക, പുലർച്ചെ പൂക്കോത്ത് നടയിലേക്ക് ഉത്സവം എഴുന്നള്ളിപ്പ്.

തോട്ടീക്കൽ മുസ്ലിംലീഗ് കമ്മിറ്റി നിർമ്മിച്ച് നൽകുന്ന ബൈത്തുറഹ്മയുടെ കട്ടിലവെക്കൽ കർമ്മം ഉമർ നദ്‌വി തോട്ടീക്കൽ നിർവഹിക്കുന്നു.

ജോയിന്റ് കൗൺസിൽ തളിപ്പറമ്പ മേഖല ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട എം.വി. രമേശൻ (പ്രസിഡണ്ട്), കെ. അബ്ദുറഹിമാൻ (സെക്രട്ടറി), എം.എം. മോഹനൻ (ട്രഷറർ).

കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ ദഫ് മുട്ടിൽ ഒന്നാം സ്ഥാനം നേടിയ തളിപ്പറമ്പ സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ട് ദഫ് ടീം

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ തളിപ്പറമ്പ നഗരസഭാ തല ഉദ്ഘാടനം

തളിപ്പറമ്പ: പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ തളിപ്പറമ്പ നഗരസഭാതല ഉദ്ഘാടനം ടൗൺ സ്ക്വയറിൽ നഗരസഭാ ചെയർമാൻ മുഹമ്മൂദ് അള്ളാംകുളം നിർവഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി. ഉമ്മർ അധ്യക്ഷത വഹിച്ചു. ഏഴോം മെഡിക്കൽ ഓഫീസർ മിനി ശ്രീധരൻ സ്വാഗതവും ഏഴോം ഹെൽത്ത് ഇൻസ്പെക്ടർ കെ. മുഹമ്മദ്കുഞ്ഞി നന്ദിയും പറഞ്ഞു. മോഹനചന്ദ്രൻ, വി.പി. ചന്ദ്രപ്രകാശ്, കെ.എസ്. റിയാസ്, പി.വി. നാരായണൻകുട്ടി, പ്രസ് ഫോറം സെക്രട്ടറി കെ. പി. രാജീവൻ സംസാരിച്ചു. പി. സുനിൽ ദത്തൻ (ടെക്നിക്കൽ അസിസ്റ്റന്റ് ഡി.എം.ഒ (എച്ച്) കണ്ണൂർ ബൂത്ത് സന്ദർശിച്ചു.

രാമന്തളി സ്പോർട്സ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് അക്കാദമി അംഗങ്ങൾ കണ്ടത്തിൽ ഭഗവതി കോട്ടത്തിലെ ഉത്സവ വേദിയിൽ വെള്ളമെത്തിച്ചപ്പോൾ

ഉത്സവവേദിയിൽ കുടിവെള്ളമെത്തിച്ചു

രാമന്തളി: മത സൗഹാർദത്തിന്റെയും സാമുദായിക സാഹോദര്യത്തിന്റെയും ഉത്തമ മാതൃകയായി ആർ.എസ്.ഡി.എ (രാമന്തളി സ്പോർട്സ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് അക്കാദമി) വടക്കുമ്പാട് മുണ്ട വളപ്പ് കണ്ടത്തിൽ ഭഗവതി കോട്ടത്തിലെ ഉത്സവ വേദിയിൽ വെള്ളമെത്തിച്ചാണ് സംഘടന മാതൃക സൃഷ്ടിച്ചത്. കരപ്പാത്ത് ഉസ്മാൻ(ചെയർമാൻ), പി.കെ. ഷബീർ (കൺവീനർ), പി. എം. ലത്തീഫ്, കക്കുളത്ത് അബ്ദുൾ ഖാദർ, സി. ചന്ദ്രൻ, ജയരാജൻ, മുജീബ്റഹ്മാൻ കരിമ്പുവളപ്പിൽ, ബാലകൃഷ്ണൻ, നിസാമുദീൻ, മൊയ്തീൻ, ഗോപാലൻ നേതൃത്വം നൽകി.

അഗ്രോ സർവീസ് സെന്ററിന് അനുവദിച്ച ആധുനിക കൊയ്ത്ത് യന്ത്രം കാനൂൽ വയലിൽ ജയിംസ് മാത്യു എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

ബക്കളത്തെ അഗ്രോ സർവീസ് സെന്ററിന് ആധുനിക കൊയ്ത്ത് യന്ത്രം

ബക്കളം: അഗ്രോ സർവീസ് സെന്ററിന് സംസ്ഥാന സർക്കാർ അനുവദിച്ച ആധുനിക കൊയ്ത്ത് യന്ത്രം പ്രവർത്തനം തുടങ്ങി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വിശാലമായ പാടങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള നൂതന യന്ത്രമാണ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ബക്കളത്ത് പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്ററിന് ലഭിച്ചത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മികച്ച അഗ്രോസർവീസ് സെന്ററെന്ന നിലയിലാണ് ആധുനിക കൊയ്ത്ത് യന്ത്രം ലഭിച്ചത്. കു ബോട്ട ഹാർവെസ് കിങ് എന്ന യന്ത്രത്തിന് 24ലക്ഷം രൂപയാണ് വില. മണ്ഡലത്തിലെ പാടശേഖര സമിതികൾക്ക് കൊയ്ത്ത്യന്ത്രം വാടകയ്ക്ക് നൽകും.

കാനൂൽവയലിൽ ജെയിംസ് മാത്യു എംഎൽഎ ഉദ്ഘാടനം ചെയ്തു. ആന്തൂർ നഗരസഭ ചെയർമാൻ പി കെ ശ്യാമള അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി ലത, കൗൺസിലർ കെ സുരേഷ്ബാബു, കൃഷി ഓഫീസർ കെ സപ്ന, എം രാജഗോപാലൻ, കെ മനോഹരൻ എന്നിവർ സംസാരിച്ചു. കെ ദാമോദരൻ സ്വാഗതവും ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

മലയോരത്തെ ജപ്തി നടപടികളെ ചെറുക്കുമെന്ന് കർഷക കോൺഗ്രസ്

ആലക്കോട്: കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, വരൾച്ച, നോട്ട് നിരോധനം, ജി.എസ്.ടി കൃഷി നാശം, വന്യമൃഗ ആക്രമം, നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം എന്നിവയെ തുടർന്ന് കർഷകരും കാർഷിക മേഖലയും കടുത്ത പ്രതിസന്ധി നേരിടുന്നതിനിടെ കർഷകരെ ജപ്തി ചെയ്യുന്നതിനുള്ള ബാങ്കുകളുടെ നടപടികളെ ശക്തമായി ചെറുക്കുമെന്ന് കർഷക കോൺഗ്രസ് ഉദയഗിരി മണ്ഡലം കമ്മിറ്റി പ്രസ്താവിച്ചു. കാർഷിക മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് മലയോരത്തെ കർഷകരെ ജപ്തി ചെയ്യുന്നതിൽ നിന്ന് തളിപ്പറമ്പ് കാർഷിക വികസന ബാങ്ക് പിൻമാറണമെന്നും കടക്കെണിയിലായ കർഷകരുടെ വായ്പകൾ സർക്കാർ എഴുതി തള്ളണമെന്നും യോഗം ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡണ്ട് ടോമി കണയങ്കിലിന്റെ അധ്യക്ഷതയിൽ ജില്ലാ വൈസ് പ്രസിഡണ്ട് ജോസ് പറയൻകുഴി ഉദ്ഘാടനം ചെയ്തു. ഷൈനി മാങ്കോട്ടിൽ, സണ്ണി അടയ്ക്കാപ്പാറ, സി.പി.സാബു, ടോം പാലയ്ക്കൽ, ബേബി നരിതൂക്കിൽ, സരിത മാത്യു, ഷൈലജ സുനിൽ, ദേവസ്യ ഞാറക്കാട്ട്, മാത്യു ചങ്ങഴശേരി, രാജേഷ് വടത്തേൽ പ്രസംഗിച്ചു.

ദുരന്തനിവാരണത്തിന് ഏയ്ഞ്ചൽസ് ആംബുലൻസ് ശൃംഖല സജ്ജമാക്കുന്നു

കണ്ണൂർ: അപകടങ്ങൾക്കും അത്യാഹിതങ്ങൾക്കും അടിയന്തര സേവനം ലഭ്യമാക്കാനായി ഏയ്ഞ്ചൽസ് ആംബുലൻസ് ശൃംഖലയെ ദുരന്ത നിവാരണ സംവിധാനവുമായി ബന്ധിപ്പിക്കാൻ കലക്ട്രേറ്റിൽ ചേർന്ന ഏയ്ഞ്ചൽസ് വാർഷിക ജനറൽബോഡിയോഗം തീരുമാനിച്ചു. ഏയ്ഞ്ചൽസ് ജില്ലാ ചെയർമാൻ കലക്ടർ മീർ മുഹമ്മദലി ഐ.എ.എസ് അധ്യക്ഷനായി. ദുരന്ത വേളയിലും മറ്റ് അടിയന്തര ഘട്ടങ്ങളിലും 102 എന്ന ടോൾ ഫ്രീ നമ്പറിലൂടെ യഥാസമയം ആംബുലൻസ് ലഭ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു. അടിയന്തര ശുശ്രൂഷയായ ബേസിക് ലൈഫ് സപ്പോർട്ടും പ്രാഥമിക ചികിത്സയും ജില്ലയിലെ മുഴുവൻ സ്കൂൾ കുട്ടികൾക്കും പരിശീലനം നൽകുന്ന ഏയ്ഞ്ചൽസ് മെഗാ ബി.എൽ.എസ് പദ്ധതി അടുത്ത അധ്യയന വർഷത്തിൽ നടപ്പാക്കും. സ്കൗട്ട്, ഗൈഡ്സ്, എൻ.സി.സി, എൻ.എസ്.എസ് സ്റ്റുഡൻസ് പോലീസ് സംവിധാനങ്ങളുമായി സഹകരിച്ച് ലിറ്റിൽ ഏയ്ഞ്ചൽസ് പദ്ധതി നടപ്പിലാക്കും. ഏയ്ഞ്ചൽസ് സ്റ്റേറ്റ് മെഡിക്കൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സുൽഫിക്കർ അലി ആമുഖ പ്രഭാഷണം നടത്തി. ജില്ലാ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഷാഹിൻ വാർഷിക റിപ്പോർട്ടും ബജറ്റും അവതരിപ്പിച്ചു. ആർ.ടി.ഒ.എം.മനോഹരൻ, പി.നാരായണൻ, അഡ്വ.കെ.വി.മനോജ്കുമാർ, കെ.ഹരീന്ദ്രൻ, സി.ഇ.ഷാജി ചർച്ചയിൽ പങ്കെടുത്തു.

പോലീസ് നിഷ്ക്രിയം: കോൺഗ്രസ്

തളിപ്പറമ്പ: തൃച്ചംബരത്ത് എസ്.എഫ്.ഐ പ്രവർത്തകന് കുത്തേൽക്കാനിടയായ സംഭവത്തിനു പിന്നിൽ പോലീസിന്റെ നിഷ്ക്രിയത്വമാണെന്നു കോൺഗ്രസ് ആരോപിച്ചു. ക്ഷേത്രത്തിലും പരിസരത്തും ഒട്ടേറെ ക്യാമറകൾ സ്ഥാപിച്ചതുകൊണ്ടാണ് പ്രതികളെ പിടികൂടാൻ സാധിച്ചത്. അക്രമം നടന്നിട്ടും രാഷ്ട്രീയ പാർട്ടികളുടെ സർവകക്ഷിയോഗം വിളിക്കാൻ സാധിക്കാത്തത് ഗുരുതരവീഴ്ചയാണ്.

ഉത്സവം അലങ്കോലപ്പെടുത്താൻ ബി.ജെ.പിയും സി.പി.എമ്മും ശ്രമിക്കുമ്പോൾ പോലീസ് നോക്കുകുത്തിയായി മാറുകയാണ്. സംഘർഷങ്ങൾ ഒഴിവാക്കാൻ പോലീസ് ശക്തമായ നടപടി സ്വീകരിക്കണമെന്നും റെയ്ഡുകൾ നടത്തണമെന്നും ഡി.സി.സി ജന. സെക്രട്ടറി ടി.ജനാർദ്ദനൻ, ബ്ലോക്ക് പ്രസിഡണ്ട് പി.എം.ജനാർദ്ദനൻ, യൂത്ത്കോൺഗ്രസ് ബ്ലോക്ക് പ്രസിഡണ്ട് രാഹുൽ ദാമോദരൻ എന്നിവർ ആവശ്യപ്പെട്ടു.

കണ്ണൂരിൽ എ.ഐ.വൈ.എഫ് യുവജന പ്രതിരോധ കൂട്ടായ്മ സിപിഐ ജില്ല കൗൺസിൽ അംഗം അബ്ദുൾ നിസാർ വായിപ്പറമ്പ് ഉദ്ഘാടനം ചെയ്യുന്നു.

എ.ഐ.വൈ.എഫ് യുവജനപ്രതിരോധം സംഘടിപ്പിച്ചു

കണ്ണൂർ: ത്രിപുരയിൽ തെരഞ്ഞെടുപ്പ് വിജയത്തെത്തുടർന്ന് ആർഎസ്എസിന്റെ നേതൃത്വത്തിൽ നടക്കുന്ന വ്യാപക അക്രമങ്ങൾക്കെതിരെ എഐവൈഎഫ് കണ്ണൂരിൽ യുവജന പ്രതിരോധ കൂട്ടായ്മ സംഘടിപ്പിച്ചു. സിപിഐ ജില്ല കൗൺസിൽ അംഗം അബ്ദുൾ നിസാർ വായിപ്പറമ്പ് ഉദ്ഘാടനം ചെയ്തു. സി കെ അബ്ദുൾ ഷുക്കൂർ അധ്യക്ഷനായി. കെ വി പ്രശോഭ് സ്വാഗതം പറഞ്ഞു. എഐവൈഎഫ് ജില്ല പ്രസിഡന്റ് അഡ്വ. എം സി സജീഷ്, ജില്ല സെക്രട്ടറി കെ വി രജീഷ് സംസാരിച്ചു. കെ ആർ ചന്ദ്രകാന്ത്, എം എ ബിജു, കെ വി സാഗർ, കെ എം ഗിരീഷ് തുടങ്ങിയവർ നേതൃത്വം നൽകി.

കുടിവെള്ള ക്ഷാമം രൂക്ഷം; കാഞ്ഞിരക്കൊല്ലി നിവാസികൾ പ്രക്ഷോഭത്തിലേക്ക്

ശ്രീകണ്ഠപുരം: പയ്യാവൂർ പഞ്ചായത്തിലെ കാഞ്ഞിരക്കൊല്ലി കുരങ്ങൻമല, കൊട്ടാടികവല, പാടാംകവല, ചീത്തപ്പാറ, ചതിരംപുഴ പ്രദേശങ്ങളിൽ മാർച്ച് മാസത്തിൽ തന്നെ കിണറുകളും കുളങ്ങളും വറ്റിവരണ്ടു. കഴിഞ്ഞ രണ്ട് വർഷമായി ഈ പ്രദേശത്ത് വരൾച്ചയെ നേരിടാൻ റവന്യൂ വകുപ്പിന്റെ സഹായത്തോടെ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്തിരുന്നു. എന്നാൽ ഈവർഷം കുടിവെള്ളം ഇല്ലാത്ത അവസ്ഥ ബന്ധപ്പെട്ട അധികാരികളെ വിവരം അറിയിച്ചിട്ടും യാതൊരു നടപടിമുയുണ്ടായിട്ടില്ലെന്ന് നാട്ടുകാർ പറയുന്നു.

കഴിഞ്ഞ വർഷം കുടിവെള്ളം വിതരണം ചെയ്ത കരാറുകാർക്ക് വാഹന വാടക ലഭിക്കാത്തതുകൊണ്ട് കരാറുകാർ കുടിവെള്ള വിതരണം നടത്താൻ തയ്യാറാകാത്ത സ്ഥിതിയാണ്. അധികൃതർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം പയ്യാവൂർ വില്ലേജ്, പഞ്ചായത്ത് ഓഫീസുകളിൽ പ്രക്ഷോഭ പരിപാടികൾ ആരംഭിക്കുമെന്നും നാട്ടുകാർ മുന്നറിയിപ്പ് നൽകി.